പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 521 24.10.2011- ലെ മറുപടി

## ട്രാൻസ്പോർട്ട് വാഹനങ്ങളിലെ പരസ്യം

ചോദ്യം ഉത്തരം

ശ്രീ. എം. ചന്ദ്രൻ
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ട്രാൻസ്പോർട്ട് വാഹനങ്ങളിൽ ഇപ്പോൾ പരസ്യം പതിക്കുവാൻ അനുവാദം നൽകുന്നുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം പതിക്കുവാൻ അനുവാദം നൽകുന്നുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യത്തിനുള്ള കരാർ നൽകുന്നത് രണ്ട് (2) വർഷത്തെ കാലാവധിക്കാണ്. ലേലം / ടെണ്ടർ നടപടികളിലൂടെയാണ് കരാറുകാരെ കണ്ടെത്തുന്നത്. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത് കോർപ്പറേഷന്റെ വ്യവസ്ഥകൾ പൂർണ്ണമായും പാലിയ്ക്കാൻ സമ്മതിക്കുന്ന വ്യക്തിക്കോ/സ്ഥാപനത്തിനോ ആണ് കരാർ നൽകുന്നത്. |
| (സി) | നടപ്പുവർഷം കെ.എസ്.ആർ.ടി.സി പരസ്യം ഇനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണ്. | (സി) | 01-04-2011 മുതൽ 31-3-2012 വരെയുള്ള സാമ്പത്തിക വർഷത്തിൽ 1,01,01,000 രൂപ വരുമാനം പ്രതീക്ഷിക്കുന്നു. (വ്യവസ്ഥകൾ പ്രകാരം അടയ്ക്കുവാനുള്ളത്). |

| | | | |
|---|---|---|---|
| (ഡി) | പരസ്യം പതിക്കുവാനുള്ള കുത്തകാവകാശം ഏതെങ്കിലും സ്ഥാപനത്തിന് നൽകാനുദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾ ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം പതിക്കുന്നതിനുള്ള കുത്തകാവകാശം ആർക്കും നൽകിയിട്ടില്ല. എന്നാൽ കൗശിക് ഗ്രൂപ്പ്, ഹിമായത്ത് നഗർ, ഹൈദരാബാദ് എന്ന സ്ഥാപനത്തിന് 01-4-2011 മുതൽ 31-3-2013 വരെ ബസ്സുകളിൽ പരസ്യം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. |

Vm c Dominic

സെക്ഷൻ ഓഫീസർ